ചരിത്ര പ്രാധാന്യമുള്ള ഗുഹകൾ സംരക്ഷിക്കാൻ പദ്ധതി

8 [2297] ശ്രീ. ബി. വിജയകുമാർ:
ശ്രീമതി മേഴ്സി രവി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രപരമായോ പുരാവസ്തു സംബന്ധമായോ പ്രാധാന്യമുള്ള ഏതെങ്കിലും ഗുഹകൾ സംസ്ഥാനത്തുണ്ട്; ഏതെല്ലാം;

(ബി) ഇവയിൽ നശിച്ചു കൊണ്ടിരിക്കുന്നവ ഏതെല്ലാം; ഇവയെ പുനരുദ്ധരിക്കുവാനും സംരക്ഷിക്കുവാനും എന്തെല്ലാം പരിപാടികളുണ്ട്; ഇതിനുവേണ്ടി കേന്ദ്രത്തിന്റെ സഹായം ലഭിക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) ഗുഹാക്ഷേത്രങ്ങൾ:

1. മടവൂർ പാറ ഗുഹാക്ഷേത്രം—തിരുവനന്തപുരം.
2. കോട്ടുക്കൽ ഗുഹാക്ഷേത്രം—കൊട്ടാരക്കര, കൊല്ലം.
3. കവിയൂർ തൃക്കാക്കുടി ക്ഷേത്രം—പത്തനംതിട്ട.
4. കല്ലിൽ ഗുഹാക്ഷേത്രം—പെരുമ്പാവൂർ.
5. തൃക്കൂർ ഗുഹാക്ഷേത്രം—തൃശ്ശൂർ.
6. ഇരുനിലംകോട് ഗുഹാക്ഷേത്രം—ഷൊർണ്ണൂർ.

ഗുഹകൾ:

1. പാണ്ഡവൻ പാറ—തിരുവനന്തപുരം.
2. കോത്താളിക്കുന്ന് ഗുഹ—തൃശ്ശൂർ.
3. കുത്തന്നൂർ വില്ലേജ് 1-ലെ ഗുഹ—പാലക്കാട്.
4. മണിയൂർ വില്ലേജിലെ ഗുഹ—കോഴിക്കോട്
5. എടയ്ക്കൽ ഗുഹ—അമ്പലവയൽ, വയനാട്.
6. പിലിക്കോട് ഗുഹ—കാസർഗോഡ്.
7. പോർക്കളം ഗുഹ—തൃശ്ശൂർ.
8. ഏഴുത്തള—മറയൂർ, ഇടുക്കി.

(ബി) മേൽപ്പറഞ്ഞ ഗുഹകളെല്ലാം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളാണ്. ഇവയെല്ലാം നല്ല നിലയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ സംരക്ഷണം ആവശ്യമുള്ളവയ്ക്ക് സമയാസമയങ്ങളിൽ സംരക്ഷണം നടത്തുന്നുണ്ട്. ഇവയുടെ സംരക്ഷണത്തിനാവശ്യമായ തുക സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാപ്പിള കവികളുടെ സാഹിത്യ സംഭാവനകൾ പ്രസിദ്ധീകരിക്കുവാൻ നടപടി

9 [2299] ശ്രീ പി. കെ. അബ്ദുറബ്ബ്:
,, നാലകത്ത് സൂപ്പി:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെക്കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

മാപ്പിള കവികളായ മോയിൻകുട്ടി വൈദ്യർ, പുലിക്കോട്ടിൽ ഹൈദർ, മെഹർ നല്ലളം ബീരാൻ, ടി. ഉബൈദ്, ഒ. അബു എന്നീ മഹാൻമാരുടെ ജീവചരിത്രവും സാഹിത്യ സംഭാവനകളും അടങ്ങുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നടപടികൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിൽ സാംസ്കാരിക മ്യൂസിയം ആരംഭിക്കാൻ നടപടി

10 [2301] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മലപ്പുറം, മഞ്ചേരി, വണ്ടൂർ എന്നിവിടങ്ങളിലെവിടെയെങ്കിലും മലബാറിന്റെ സാംസ്കാരിക ചരിത്ര പാരമ്പര്യം അനാവരണം ചെയ്യുന്ന ഒരു സാംസ്കാരിക മ്യൂസിയം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മദ്രാസ് ആർക്കൈവ്സിലും ലണ്ടൻ ലൈബ്രറിയിലും സൂക്ഷിച്ചിട്ടുള്ള മലബാറിനെ സംബന്ധിച്ച പുരാരേഖകളും അപൂർവ്വ ചരിത്ര രേഖകളും സമാഹരിച്ച് പ്രസ്തുത മ്യൂസിയത്തിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

11 [2302] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സാംസ്കാരിക സ്ഥാപനമായ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ട് വക വിജ്ഞാനമുദ്രണം പ്രസ്സിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കാത്തതുമൂലം അച്ചടി ജോലികൾ നിത്യേന മുടങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിജ്ഞാനമുദ്രണം പ്രസ്സിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിലും ഒഴിവുള്ള തസ്തികകളിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിലെ ഡി. ടി. പി. ജോലികൾ ചെയ്യുന്ന സെൻറുകൾക്കും പുസ്തകങ്ങളെഴുതുന്ന എഴുത്തുകാർക്കും പ്രതിഫലം നൽകുന്ന കാര്യത്തിൽ അനാസ്ഥ കാട്ടുന്നതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly